"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - കേരള സ്റ്റേറ്റ് ഓർഗൻ & ടിഷ്യു ട്രാൻസ്പ്ലാൻറ് ഓർഗനൈസേഷനിൽ കൺസൾട്ടന്റ് ട്രാൻസ്പ്ലാന്റ് കോ-ഓർഡിനേറ്ററുടെ ഒരു തസ്തിക സൃഷ്ടിച്ചും ഡാറ്റാ എൻട്രി ഓപ്പറേറ്ററുടെ ഒരു തസ്തിക ദിവസവേതനാടിസ്ഥാനത്തിൽ അനുവദിച്ചും - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (ബി) വകുപ്പ്**

സ.ഉ.(കൈ) നം.43/2025/H&FWD തീയതി,തിരുവനന്തപുരം, 31-01-2025

---

പരാമർശം:-
1. 06.08.2021 ലെ സ.ഉ (കൈ)നം.146/2021/ആ.കു.വ
2. 12.05.2023 ലെ സ.ഉ (കൈ)നം.114/2023/ആ.കു.വ
3. കേരള സ്റ്റേറ്റ് ഓർഗൻ & ടിഷ്യൂ ട്രാൻസ്പ്ലാന്റ് ഓർഗനൈസേഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 15.07.2023, 26.12.2023, 16.05.2024 തീയതികളിലെ 1115/ഡി/2022/കെ-സോട്ടോ നമ്പർ കത്തുകൾ

**ഉത്തരവ്**

കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം പുറപ്പെടുവിച്ച ദേശീയ അവയവം മാറ്റിവയ്ക്കൽ പ്രോഗ്രാമിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം കേരള സ്റ്റേറ്റ് ഓർഗൻ ആൻഡ് ടിഷ്യു ട്രാൻസ്പ്ലാന്റ് ഓർഗനൈസേഷനിൽ പരാമർശം (2) പ്രകാരം കരാർ അടിസ്ഥാനത്തിൽ ജോയിന്റ് ഡയറക്ടർ (ടെക്നിക്കൽ), കൺസൾട്ടന്റ് (രജിസ്ട്രി/സിസ്റ്റം അഡ്മിൻ/ട്രെയിനിംഗ് ഡെവലപ്മെന്റ്/ഐഇസി) തസ്തികകളും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും ദിവസവേതനാടിസ്ഥാനത്തിൽ ഡ്രൈവർ കം ഓഫീസ് അറ്റൻഡന്റ് തസ്തികയും സൃഷ്ടിച്ചിരുന്നു. തുടർന്ന്, അവയവദാന കൈമാറ്റ പ്രവർത്തനങ്ങളിൽ ഏറ്റവും അനിവാര്യമായ കൺസൾട്ടന്റ് ട്രാൻസ്പ്ലാന്റ് കോ-ഓർഡിനേറ്റർ, ഡാറ്റാ എൻട്രി ഓപ്പറേറ്റർ എന്നീ തസ്തികകൾ കൂടി സൃഷ്ടിക്കണമെന്ന് കേരള സ്റ്റേറ്റ് ഓർഗൻ ആന്റ് ടിഷ്യു ട്രാൻസ്പ്ലാന്റ് ഓർഗനൈസേഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (3) പ്രകാരം ആവശ്യപ്പെടുകയുണ്ടായി. കൺസൾട്ടന്റ് ട്രാൻസ്പ്ലാന്റ് കോ-ഓർഡിനേറ്റർ, ഡാറ്റാ എൻട്രി ഓപ്പറേറ്റർ എന്നീ തസ്തികകളിലെ ശമ്പളവുമായി ബന്ധപ്പെട്ട മുഴുവൻ ചെലവുകളും ദേശീയ അവയവം മാറ്റിവയ്ക്കൽ പ്രോഗ്രാമിന്റെ എച്ച്ആർ ഘടകത്തിൽ നിന്നും കണ്ടെത്താവുന്നതാണെന്നും കേരള സ്റ്റേറ്റ് ഓർഗൻ ആന്റ് ടിഷ്യു ട്രാൻസ്പ്ലാൻറ് ഓർഗനൈസേഷന് എക്സിക്യൂട്ടീവ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശമ്പളവുമായി ബന്ധപ്പെട്ട ചെലവുകൾ ദേശീയ അവയവം മാറ്റിവയ്ക്കൽ പ്രോഗ്രാമിന്റെ എച്ച്ആർ ഘടകത്തിൽ ലഭ്യമായ

ഗ്രാന്റിൽ നിന്ന് കണ്ടെത്തേണ്ടതാണെന്ന വ്യവസ്ഥയിൽ, കേരള സ്റ്റേറ്റ് ഓർഗൻ & ടിഷ്യു ട്രാൻസ്പ്ലാന്റ് ഓർഗനൈസേഷനിൽ ഒരു കൺസൾട്ടന്റ് ട്രാൻസ്പ്ലാന്റ് കോ-ഓർഡിനേർ തസ്തിക സൃഷ്ടിച്ചും, ഒരു ഡാറ്റാ എൻട്രി ഓപ്പറേറ്റർ തസ്തിക ദിവസവേതനാടിസ്ഥാനത്തിൽ അനുവദിച്ചും, ട്രാൻസ്പ്ലാന്റ് കോ-ഓർഡിനേറ്റർമാരെ പിരിച്ചുവിട്ടതിന്റെ ഫലമായി കേരള സ്റ്റേറ്റ് ഓർഗൻ & ടിഷ്യു ട്രാൻസ്പ്ലാന്റ് ഓർഗനൈസേഷനിൽ ഒഴിഞ്ഞു കിടക്കുന്ന ട്രാൻസ്പ്ലാന്റ് കോ-ഓർഡിനേറ്റർമാരുടെ രണ്ട് തസ്തികകൾ റദ്ദാക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുന്നതിന് കേരള സ്റ്റേറ്റ് ഓർഗൻ & ടിഷ്യു ട്രാൻസ്പ്ലാൻറ് ഓർഗനൈസേഷൻ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. രാജൻ നാംദേവ് ഖൊബ്രഗഡെ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഓർഗൻ ആന്റ് ടിഷ്യൂ ട്രാൻസ്പ്ലാന്റ് ഓർഗനൈസേഷൻ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം
പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം.2655 തീയതി 28.01.2025)
ധനകാര്യ വകുപ്പ് (24.10.2024 ലെ 2205133/HLT-B1/175/2022-FIN പ്രകാരം)
വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by Royi J
Date: 31-01-2025 13:32:03
സെക്ഷൻ ഓഫീസർ

*പകർപ്പ്:- മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്*
*ആരോഗ്യവും വനിതാ-ശിശുവികസനവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്*
*ആരോഗ്യ കുടുംബക്ഷേമ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ യ്ക്ക്*

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 28-01-2025

ഫയൽ നം. ഹെൽത്ത്-ബി1/257/2023/ഹെൽത്ത്. ഇനം നം: 2655

വിഷയം : ആരോഗ്യ-കുടുംബക്ഷേമ വകുപ്പ് - ദേശീയ അവയവം മാറ്റിവയ്ക്കൽ പ്രോഗ്രാമിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം കേരള സ്റ്റേറ്റ് ഓർഗൻ ആന്റ് ടിഷ്യൂ ട്രാൻസ്പ്ലാന്റ് ഓർഗനൈസേഷനിൽ ഒരു കൺസൾട്ടന്റ് ട്രാൻസ്പ്ലാന്റ് കോ-ഓർഡിനേറ്റർ തസ്തിക സൃഷ്ടിക്കുന്നതും ഡാറ്റാ എൻട്രി ഓപ്പറേറ്ററുടെ ഒരു തസ്തിക ദിവസവേതനാടിസ്ഥാനത്തിൽ അനുവദിക്കുന്നതും.

തീരുമാനം : കുറിപ്പിലെ നിർദ്ദേശങ്ങൾ അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

Saradaly

ശാരദ മുരളീധരൻ
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ആരോഗ്യ-കുടുംബക്ഷേമ വകുപ്പ്.

Renjith 29.1.2025

DS

2655

# കേരള സർക്കാർ
## (ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)
## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1. | ഫയൽ നമ്പർ | : | ഹെൽത്ത് – ബി1/257/2023/ഹെൽത്ത് |
| 2. | വകുപ്പ് | : | ആരോഗ്യ കുടുംബക്ഷേമ (ബി) വകുപ്പ് |
| 3. | വിഷയം | : | ആ.കു.വ – ദേശീയ അവയവം മാറ്റിവയ്ക്കൽ പ്രോഗ്രാമിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം കേരള സ്റ്റേറ്റ് ഓർഗൻ ആന്റ് ടിഷ്യൂ ട്രാൻസ്പ്ലാന്റ് ഓർഗനൈസേഷനിൽ ഒരു കൺസൾട്ടന്റ് ട്രാൻസ്പ്ലാന്റ് കോ-ഓർഡിനേറ്റർ തസ്തിക സൃഷ്ടിക്കുന്നതും ഡാറ്റാ എൻട്രി ഓപ്പറേറ്ററുടെ ഒരു തസ്തിക ദിവസവേതനാടിസ്ഥാനത്തിൽ അനുവദിക്കുന്നതും – സംബന്ധിച്ച് |
| 4. | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 18.11.2024 |
| 5 | 1) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ;<br>2) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | അതെ<br>ഉണ്ട്.<br>ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; | : | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | ശ്രീ.രാജേഷ് ജി.ആർ |
| 8 | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. രാജൻ എൻ ഖോബ്രഗഡെ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 24.12.2024 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | | ശ്രീമതി. ശാരദ മുരളീധരൻ |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 15.01.2025 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീമതി.വീണാ ജോർജ്ജ് |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 20.01.2025 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 22.01.2025 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പരും തീയതിയും | : | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

ദേശീയ അവയവം മാറ്റിവയ്ക്കൽ പ്രോഗ്രാമിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം കേരള സ്റ്റേറ്റ് ഓർഗൻ ആന്റ് ടിഷ്യൂ ട്രാൻസ്പ്ലാന്റ് ഓർഗനൈസേഷനിൽ ഒരു കൺസൾട്ടന്റ് ട്രാൻസ്പ്ലാന്റ് കോ-ഓർഡിനേറ്റർ തസ്തിക സൃഷ്ടിക്കുന്നതും ഒരു ഡാറ്റാ എൻട്രി ഓപ്പറേറ്റർ തസ്തിക ദിവസവേതനാടിസ്ഥാനത്തിൽ അനുവദിക്കുന്നതും സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2. കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം പുറപ്പെടുവിച്ച ദേശീയ അവയവം മാറ്റിവയ്ക്കൽ പ്രോഗ്രാമിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം കേരള സ്റ്റേറ്റ് ഓർഗൻ ആൻഡ് ടിഷ്യൂ ട്രാൻസ്പ്ലാൻറ് ഓർഗനൈസേഷനിൽ ജോയിന്റ് ഡയറക്ടർ (ടെക്നിക്കൽ), കൺസൾട്ടന്റ് (രജിസ്ട്രി/സിസ്റ്റം അഡ്മിൻ/ട്രെയിനിംഗ് ഡെവലപ്മെന്റ്/ഐഇസി), ട്രാൻസ്പ്ലാൻറ് കോ-ഓർഡിനേറ്റർ (Deceased and live transplant coordination), പ്രോഗ്രാം അസിസ്റ്റന്റ് കം ഡാറ്റാ എൻട്രി ഓഫീസർ, ഡ്രൈവർ കം ഓഫീസ് അറ്റൻഡന്റ് എന്നീ തസ്തികകൾ സൃഷ്ടിക്കുന്നതിന് കേരള സ്റ്റേറ്റ് ഓർഗൻ ആന്റ് ടിഷ്യൂ ട്രാൻസ്പ്ലാൻറ് ഓർഗനൈസേഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ശിപാർശ നൽകിയിരുന്നു. തുടർന്ന് 12.05.2023 ലെ സ.ഉ(കൈ)നം.114/2023/ആ.കു.വ പ്രകാരം കരാർ അടിസ്ഥാനത്തിൽ ജോയിന്റ് ഡയറക്ടർ (ടെക്നിക്കൽ), കൺസൾട്ടന്റ് (രജിസ്ട്രി/സിസ്റ്റം അഡ്മിൻ/ട്രെയിനിംഗ് ഡെവലപ്മെന്റ്/ഐഇസി) തസ്തികകളും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും ദിവസവേതനാടിസ്ഥാനത്തിൽ ഡ്രൈവർ കം ഓഫീസ് അറ്റൻഡന്റ് തസ്തികയും സൃഷ്ടിച്ചിരുന്നു.

3. തുടർന്ന്, അവയവ ദാന കൈമാറ്റ പ്രവർത്തനങ്ങളിൽ ഏറ്റവും അനിവാര്യമായ കൺസൾട്ടന്റ് ട്രാൻസ്പ്ലാന്റ് കോ-ഓർഡിനേറ്റർ, ഡാറ്റാ എൻട്രി ഓപ്പറേറ്റർ എന്നിവയുടെ ഓരോ തസ്തിക കൂടി സൃഷ്ടിക്കണമെന്ന് കേരള സ്റ്റേറ്റ് ഓർഗൻ ആന്റ് ടിഷ്യൂ ട്രാൻസ്പ്ലാൻറ് ഓർഗനൈസേഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ആവശ്യപ്പെടുകയുണ്ടായി. ട്രാൻസ്പ്ലാന്റ് കോ-ഓർഡിനേറ്റർമാരുടെ യോഗ്യത 06.08.2018 ലെ സ.ഉ (സാധാ) നം.2493/2018/ആ.കു.വ പ്രകാരം നിശ്ചയിച്ചിട്ടുണ്ടെന്നും എക്സിക്യൂട്ടീവ് ഡയറക്ടർ അറിയിക്കുകയുണ്ടായി.

4. കേരള സ്റ്റേറ്റ് ഓർഗൻ ആൻഡ് ടിഷ്യൂ ട്രാൻസ്പ്ലാന്റ് ഓർഗനൈസേഷനിൽ കൺസൾട്ടന്റ് ട്രാൻസ്പ്ലാന്റ് കോ-ഓർഡിനേറ്റർ, ഡാറ്റാ എൻട്രി ഓപ്പറേറ്റർ എന്നീ തസ്തികകൾ സൃഷ്ടിക്കുന്ന വിഷയത്തിൽ ധനകാര്യ വകുപ്പ് താഴെപ്പറയും പ്രകാരം അഭിപ്രായപ്പെടുകയുണ്ടായി:-

*"Finance agrees to create one post of Consultant Transplant Coordinator and to engage one data entry operator on daily wage basis under NOTP scheme subject to meet the expenditure on this account from the grant earmarked in the HR component of the NOTP Scheme. Administrative Department is also requested to take necessary steps to abolish the posts remain vacant consequent to the termination of the 2 Transplant Coordinators.*

*This has the approval of Hon'ble M (Fin)"*

5. കൺസൾട്ടന്റ് ട്രാൻസ്പ്ലാന്റ് കോ-ഓർഡിനേറ്റർ, ഡാറ്റാ എൻട്രി ഓപ്പറേറ്റർ എന്നീ തസ്തികകളിലെ ശമ്പളവുമായി ബന്ധപ്പെട്ട മുഴുവൻ ചെലവുകളും ദേശീയ അവയവം മാറ്റിവയ്ക്കൽ പ്രോഗ്രാമിന്റെ എച്ച്ആർ ഘടകത്തിൽ നിന്നും കണ്ടെത്താവുന്നതാണെന്ന് കേരള സ്റ്റേറ്റ് ഓർഗൻ ആന്റ് ടിഷ്യു ട്രാൻസ്പ്ലാൻറ് ഓർഗനൈസേഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

6. ധനകാര്യ വകുപ്പ് അനുമതി നൽകിയ പ്രകാരം കേരള സ്റ്റേറ്റ് ഓർഗൻ & ടിഷ്യു ട്രാൻസ്പ്ലാൻറ് ഓർഗനൈസേഷനിൽ ഒരു കൺസൾട്ടന്റ് ട്രാൻസ്പ്ലാന്റ് കോ-ഓർഡിനേറ്റർ തസ്തിക സൃഷ്ടിക്കാവുന്നതും ഒരു ഡാറ്റാ എൻട്രി ഓപ്പറേറ്റർ തസ്തിക ദിവസവേതനാടിസ്ഥാനത്തിൽ അനുവദിക്കാവുന്നതും ഒഴിഞ്ഞുകിടക്കുന്ന രണ്ട് ട്രാൻസ് പ്ലാന്റ് കോ-ഓർഡിനേറ്ററുടെ തസ്തികകൾ റദ്ദാക്കുന്നതിന് കേരള സ്റ്റേറ്റ് ഓർഗൻ & ടിഷ്യു ട്രാൻസ്പ്ലാൻറ് ഓർഗനൈസേഷൻ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് നിർദ്ദേശം നൽകാവുന്നതുമാണോ എന്ന ഉത്തരവിനായി ഫയൽ ചംക്രമണം ചെയ്തപ്പോൾ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവിടുകയുണ്ടായി.

**<u>തീരുമാനിക്കേണ്ട വിഷയങ്ങൾ</u>**

i. ശമ്പളവുമായി ബന്ധപ്പെട്ട ചെലവുകൾ ദേശീയ അവയവം മാറ്റിവയ്ക്കൽ പ്രോഗ്രാമിന്റെ എച്ച്ആർ ഘടകത്തിൽ ലഭ്യമായ ഗ്രാന്റിൽ നിന്ന് കണ്ടെത്തേണ്ടതാണെന്ന വ്യവസ്ഥയിൽ, കേരള സ്റ്റേറ്റ് ഓർഗൻ & ടിഷ്യു ട്രാൻസ്പ്ലാൻറ് ഓർഗനൈസേഷനിൽ ഒരു കൺസൾട്ടന്റ് ട്രാൻസ്പ്ലാന്റ് കോ-ഓർഡിനേർ തസ്തിക സൃഷ്ടിക്കാവുന്നതും ഒരു ഡാറ്റാ എൻട്രി ഓപ്പറേറ്റർ തസ്തിക ദിവസവേതനാടിസ്ഥാനത്തിൽ അനുവദിക്കാവുന്നതുമാണോ ?

ii. രണ്ട് ട്രാൻസ്പ്ലാൻറ് കോ-ഓർഡിനേറ്റർമാരെ പിരിച്ചുവിട്ടതിന്റെ ഫലമായി കേരള സ്റ്റേറ്റ് ഓർഗൻ & ടിഷ്യൂ ട്രാൻസ്പ്ലാൻറ് ഓർഗനൈസേഷനിൽ ഒഴിഞ്ഞു കിടക്കുന്ന ട്രാൻസ്പ്ലാൻറ് കോ-ഓർഡിനേറ്റർമാരുടെ രണ്ട് തസ്തികകൾ റദ്ദാക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുന്നതിന് കേരള സ്റ്റേറ്റ് ഓർഗൻ & ടിഷ്യൂ ട്രാൻസ്പ്ലാൻറ് ഓർഗനൈസേഷൻ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് നിർദ്ദേശം നൽകാവുന്നതാണോ ?